# ഐ.എ.എസ് കോച്ചിംഗ് സെന്റർ മൂവാറ്റുപുഴ

# നിർമ്മല കോളേജിൽ

മൂവാറ്റുപുഴ: യുവജനങ്ങൾക്ക് സിവിൽ സർവ്വീസ് കോച്ചിംഗ് നൽകുന്നതിനുള്ള കോതമംഗലം രൂപതയുടെ നയപരമായ തീരുമാനത്തിന്റെ ഭാഗമായി നിർമ്മല കോളേജും ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈറ്റൻ എ.എൽ.എസ് ഐ.എ.എസ്സും (ETEN ALS IAS) എന്ന സ്ഥാപനവുമായി സഹകരിച്ച് നിർമ്മല കോളേജിലെയും സമീപ പ്രദേശങ്ങളിലെയും ഐ.എ.എസ്/ ഐ.പി.എസ് കൂടാതെ മറ്റ് സിവിൽ സർവ്വീസ് പരീക്ഷകൾക്കും തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഉന്നത നിലവാരത്തിലുള്ള കോച്ചിംഗ് സംവിധാനം മൂവാറ്റുപുഴ നിർമ്മല കോളേജിൽ ഏർപ്പെടുത്തിയിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളട്ടെ. കഴിഞ്ഞ 14 വർഷം കൊണ്ട് 2028 പേർ ETEN ALS IAS ലെ കോച്ചിംഗ് വഴി സിവിൽ സർവ്വീസ് ലഭിച്ച് ഇന്ന് ഇൻഡ്യയുടെ പല ഭാഗത്തായി വിവിധ മേഖലകളിൽ സേവനമനുഷ്ഠിക്കുന്നു. കഴിഞ്ഞ വർഷം ഈ സ്ഥാപനത്തിൽ നിന്നും 220 പേർ തിരഞ്ഞെടുക്കപ്പെട്ടു എന്നത് എടുത്തുപറയേണ്ട വസ്തുതയാണ്.

മുൻ വർഷങ്ങളിൽ നിന്നും ഐ.എ.എസ് പരീക്ഷയുടെ ഘടനയിലും സ്വഭാവത്തിലും മാറ്റങ്ങൾ വന്നിട്ടുണ്ട്. ഒരു ശരാശരി ഡിഗ്രി വിദ്യാർത്ഥിക്ക് കൃത്യമായ മാർഗ്ഗനിർദേശവും പഠിക്കുന്നതിനുള്ള പുസ്തകങ്ങളും നല്ലരീതിയിലുള്ള കോച്ചിംഗും ലഭിച്ചാൽ ഏകദേശം ഒന്നോ, ഏറിവന്നാൽ രണ്ടോ ചാൻസിൽ IAS പരീക്ഷ പാസാകാവുന്നതേയുള്ളു. നമ്മുടെ ഇടയിലുള്ള വിദ്യാർത്ഥികളെ നല്ലനിലയിൽ എത്തിയ്ക്കുന്നതിന് ഈ സംവിധാനം പ്രയോജനപ്പെടുമെന്നതിന് സംശയമില്ല.

ഒരു കാലത്ത് IAS കോച്ചിംഗിനായി വിദ്യാർത്ഥികൾ ഡൽഹിയിൽ പോയി ലക്ഷങ്ങൾ ചിലവിട്ട് രണ്ടുമൂന്നു വർഷം അവിടെ താമസിച്ച് പഠിച്ചു വരുന്നത് നമുക്കറിയാവുന്നതാണല്ലോ. എന്നാൽ ഇന്ന് ഡൽഹിയിൽ ക്ലാസ്സെടുക്കുന്ന അതേ അദ്ധ്യാപകരുടെ അതേ ക്ലാസ്സ് അതേ സമയം നമുക്ക് നമ്മുടെ നിർമ്മല കോളേജിലും ലഭ്യമായിരിക്കുകയാണ്. VSAT എന്ന സാങ്കേതികവിദ്യ ഉപയോഗിച്ച് ഡൽഹിയിൽ നിന്നും സാറ്റലൈറ്റ് വഴി ഇവിടെ ലഭിക്കുന്ന ക്ലാസ്സുകൾക്ക് നേതൃത്വം വഹിക്കുന്നത് നിർമ്മല കോളേജിലെ തന്നെ പൂർവ്വ വിദ്യാർത്ഥിയും വാഴക്കുളം സ്വദേശിയുമായ ശ്രീ ജോജോ മാത്യൂസാണെന്ന കാര്യം നമുക്കേറെ സന്തോഷം നൽകുന്ന ഒന്നാണ്. സിവിൽ സർവ്വീസിന് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റ് കോംപ്പറ്റീറ്റീവ് പരീക്ഷകൾ വിജയിക്കുവാൻ നിഷ്പ്രയാസം സാധിക്കുമെന്ന കാര്യം പ്രത്യേകം ഓർമ്മപ്പെടുത്തേണ്ടതില്ലല്ലോ.

നമ്മുടെ നാട്ടിൽ, നമ്മുടെ കോളേജിൽ ലഭിച്ച ഈ സുവർണ്ണാവസരം പരമാവധി വിദ്യാർത്ഥികൾ പ്രയോജനപ്പെടുത്തി വീട്ടുകാർക്കും നാട്ടുകാർക്കും കോളേജിനും ഇടവകയ്ക്കും സൽകീർത്തി പ്രദാനം ചെയ്യുവാൻ സാധിക്കുമാറാകട്ടെ. വിശദ വിവരങ്ങൾ നിർമ്മല കോളേജിലെ പ്ലേസ്മെന്റ് ഓഫീസിൽ നിന്നും ലഭ്യമാണ്. നമ്പർ: 9645142019